പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2458 — 09.03.2018 ന് മറുപടിയ്ക്ക്.

# കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ .ടി. ഐ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം, കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരി ലഫ്.കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ .ടി. ഐ എന്നാണ് ആരംഭിച്ചത്; | (എ) എലുമ്പുലാശ്ശേരി ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ 2015 ഒക്ടോബർ മാസം മുതൽ പ്രവർത്തനം ആരംഭിച്ചു. |
| (ബി) പ്രസ്തുത ഐ .ടി. ഐ നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; സ്വന്തമായി സ്ഥലം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച വിശദാംശംലഭ്യമാക്കാമോ; | (ബി) എലുമ്പുലാശ്ശേരി ഗവ:എൽ.പി. സ്കൂളിലാണ് നിലവിൽ ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ താൽക്കാലികമായി പ്രവർത്തിക്കുന്നത്. ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വകുപ്പിന് സ്ഥലം സ്വന്തമായി ലഭിച്ചിട്ടില്ല. എലുമ്പുലാശ്ശേരി ഐ.ടി.ഐയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജല വിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ കരിമ്പുഴ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയിൽ നിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണെന്ന് ജല വിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം -1 കോഴിക്കോട് - ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ, ചീഫ് എഞ്ചിനീയർ എന്നിവർക്ക് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് ലഭ്യമാക്കിയ കരാറുടമ്പടിയുടെ കരട് സർക്കാർ പരിശോധിച്ച് വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത ഐ.ടി.ഐ യിൽ നിലവിലുള്ള ട്രേഡുകൾ ഏതെല്ലാമാണ്; ഓരോ ട്രേഡിലുമായി എത്ര വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുണ്ട്; | സി) പ്രസ്തുത ഐ.ടി.ഐ-ൽ പ്ലംബർ. ഡ്രാഫ്റ്റ് സ്മാൻ സിവിൽ എന്നീ ട്രേഡുകളാണ് നിലവിലുള്ളത് പ്ലംബർ ട്രേഡിൽ 42 ട്രെയിനികൾക്കും ഡ്രാഫ്റ്റ് സ്മാൻ സിവിൽ ട്രേഡിൽ 38 ട്രെയിനികൾക്കുമാണ് നിലവിൽ പരിശീലനം നൽകിവരുന്നത് . |
| (ഡി) വിദ്യാർത്ഥികളുടെ പഠന/പരിശീലന ആവശ്യത്തിനുള്ള എക്യുപ്മെന്റ്, ഫർണിച്ചർ മുതലായവയുടെ അപര്യാപ്തത ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) എക്യുപ്പ്മെന്റ്, ഫർണിച്ചർ മുതലായവയുടെ അപര്യാപ്തത പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ